# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 730 — 10.02.2016-ൽ മറുപടിക്ക്

## അമ്മയും കുഞ്ഞും പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>,, ടി. എൻ. പ്രതാപൻ :<br>,, അൻവർ സാദത്ത് :<br>,, എ. റ്റി. ജോർജ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നു. |
| (ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജെ.എസ്.എസ്.കെ (ജനനി ശിശു സുരക്ഷാ കാര്യക്രം). കേരളത്തിൽ ഇത് അമ്മയും കുഞ്ഞും എന്ന പേരിൽ നടപ്പിലാക്കി വരുന്നു.<br>സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, ഒരു വയസ്സു വരെയുള്ള നവജാതശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം നൽകൽ, പ്രസവത്തിനായി ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ ഭക്ഷണം എന്നിവ സൗജന്യമായി നൽകുന്നതാണ്. |

**അമ്മയും കുഞ്ഞും പദ്ധതി വഴി ഗർഭിണികൾക്ക് ലഭിക്കുന്ന സേവനങ്ങൾ**

* സൗജന്യ പ്രസവ ചികിത്സയും സിസേറിയൻ ശസ്ത്രക്രിയയും.
* സൗജന്യ മരുന്നുകളും മറ്റ് ചികിത്സാ ചെലവുകളും.
* സ്കാനിംഗ് ഉൾപ്പെടെ സൗജന്യ ലാബ് പരിശോധന.
* സാധാരണ പ്രസവത്തിന് 3 ദിവസവും, സിസേറിയൻ ശസ്ത്രകിയക്ക് 5 ദിവസവും സൗജന്യ താമസവും, ഭക്ഷണവും.
* ആവശ്യമെങ്കിൽ സൗജന്യ രക്തം നൽകൽ.

(.....2)

* പ്രസവത്തിനായി ആരോഗ്യസ്ഥാപനങ്ങളിലേയ്ക്കും തിരിച്ച് വീട്ടിലേയ്ക്കും, റഫർ ചെയ്യുകയാണെങ്കിൽ റഫറൽ ആശുപത്രിയിലേയ്ക്കും സൗജന്യ യാത്രാ സൗകര്യം.
* എല്ലാത്തരം ആശുപത്രി സംബന്ധമായ യൂസർ ഫീസും (ഒ.പി. ടിക്കറ്റ് ചാർജ്ജ് ഉൾപ്പെടെ) ഒഴിവാക്കുന്നു.
* പ്രസവാനന്തരം 42 ദിവസം വരെ കിടത്തി ചികിത്സ വേണ്ടി വന്നാൽ ചികിത്സാ ചെലവുകൾ സൗജന്യം.

**<u>ജനിച്ച് ഒരു വയസുവരെ നവജാത ശിശുക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ</u>**

* സൗജന്യ മരുന്നും മറ്റ് പരിശോധന / ചികിത്സാ സൗകര്യങ്ങളും.
* ലാബ് പരിശോധന.
* വീട്ടിൽ നിന്നും ആരോഗ്യസ്ഥാപനങ്ങളിലേക്കും തിരിച്ച് വീട്ടിലേക്കും സൗജന്യയാത്ര.
* റഫറൽ ചികിത്സാർത്ഥം മറ്റു ആശുപത്രികളിലേയ്ക്കും സൗജന്യയാത്ര.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും ജില്ലാ പ്രോഗ്രാം മാനേജർമാരുടെയും നേതൃത്വത്തിൽ പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ ഗർഭിണികൾക്കുള്ള സൗജന്യ ചികിത്സ ഉൾപ്പെടെ എല്ലാ സൗജന്യ സേവനങ്ങളും നൽകുന്നതിന് അതാത് സ്ഥാപന മേലധികാരികളെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ടും ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് എൻ.എച്ച്.എം. മുഖാന്തിരം നൽകിയിട്ടുണ്ട്.

കൂടാതെ മാസംതോറും പ്രവർത്തനങ്ങളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസറും, ജില്ലാ പ്രോഗ്രാം മാനേജരും ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവും ആക്കുന്നതിനായി അതാത് സ്ഥാപനങ്ങളിൽ ഒരു പരാതി പരിഹാരസെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷം 24 കോടി രൂപ കേന്ദ്രഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ